ശ്രീ. ബിനോയ് വിശ്വം : ശ്രീ. ഉമ്മൻ ചാണ്ടിക്ക് അറിയാം, ഇവർക്ക് വേണ്ടി കോടതിയിൽ പോയപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞു, ഈ രണ്ട് മന്ത്രിമാർക്കും എന്തെങ്കിലും മറച്ചുവയ്ക്കാനുണ്ടായിരുന്നുവെങ്കിൽ ഇപ്രകാരം ഒരു യോഗം കൂടുമായിരുന്നില്ല, മന്ത്രിമാർ രണ്ടുപേരും ചെയ്തത് അവരുടെ ഒഫീഷ്യൽ ഡ്യൂട്ടിയുടെ നിർവ്വഹണം മാത്രമാണെന്ന് കോടതി പറഞ്ഞതാണ്. ഇതെല്ലാം അറിഞ്ഞിരിക്കേ ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും കാണിച്ച വലിയ കൊള്ളയെ മൂടിവയ്ക്കാൻവേണ്ടിയുള്ള നീക്കമാണ് നടത്തുന്നത്. അതിന് രാജ്യം ഒരിക്കലും വഴങ്ങാൻ പോകുന്നില്ല.

(9) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ

ശ്രീമതി കെ. കെ. ലതിക : സർ, സംസ്ഥാനത്തെ അംഗൻവാടികളിൽ ജോലി ചെയ്തുവരുന്ന വർക്കർമാർക്ക് 2050 മുതൽ 2153 രൂപയും ഹെൽപ്പർമാർക്ക് 1300-ഉം രൂപയുമാണ് മാസശമ്പളമായി ലഭിച്ചുവരുന്നത്. ഇവർക്ക് ക്ഷേമനിധി അടിസ്ഥാനത്തിൽ പെൻഷൻ പ്രഖ്യാപിച്ചുവെങ്കിലും നാളിതുവരെ കൊടുത്തുതുടങ്ങിയില്ല. ഒമ്പതര മുതൽ മൂന്നരമണിവരെ അമിതമായ ജോലിഭാരമാണ് അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമുള്ളത്. നമ്മുടെ കുഞ്ഞുങ്ങൾ പ്രൈമറി ക്ലാസ്സുകളിൽ എത്തുന്നതിനുമുമ്പുള്ള കുസൃതി നിറഞ്ഞ പ്രീ-പ്രൈമറി കാലഘട്ടം അംഗൻവാടി ജീവനക്കാരുടെ കൈകളിലാണ്. കുഞ്ഞുങ്ങളുടെ സ്വഭാവ രൂപീകരണം നടക്കുന്ന ഈ പീരിയഡിൽ അവരെ സംരക്ഷിച്ച് കൈകാര്യം ചെയ്യുന്ന അംഗൻവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും പെൻഷൻ നൽകുന്നതിന് നടപടിയുണ്ടാകണമെന്നും ആയത് ഈ ഓണക്കാലത്ത് വിതരണം ചെയ്തുതുടങ്ങണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, ഐ.സി.ഡി.എസ്. മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കാര്യത്തിൽ ഈ ഗവൺമെന്റ് വളരെ ഫലപ്രദമായിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പുതിയ അംഗൻവാടികൾ അനുവദിക്കുക, വർഷങ്ങളായി ജോലി നോക്കുന്നവരെ സ്ഥിരപ്പെടുത്തുക, പുതിയ ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാരുടെ തസ്തിക സൃഷ്ടിക്കുക തുടങ്ങിയ നിരവധി കാര്യങ്ങൾ ഈ സർക്കാർ ചെയ്തിട്ടുണ്ട്. 65-75 വയസ്സായിട്ടും പിരിഞ്ഞുപോകാൻ പറ്റാതെ വിഷമിക്കുന്ന കേരളത്തിലെ ആയിരത്തിലധികം വരുന്ന പാവപ്പെട്ട വർക്കർമാരുടേയും ഹെൽപ്പർമാരുടേയും വിരമിക്കൽ പ്രായം അറുപത് വയസ്സായി നിശ്ചയിച്ചുകൊണ്ട് ഉത്തരവിറക്കി. 7-8-2009-ലെ ഉത്തരവ് പ്രകാരം വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും ഉത്തരവായി. വർക്കർമാർക്ക് 500 രൂപയും ഹെൽപ്പർമാർക്ക് 300 രൂപയും പ്രതിമാസം പെൻഷൻ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. അംഗൻവാടി പ്രവർത്തകർക്കുള്ള ക്ഷേമനിധിയുടെ ഭാഗമായാണ് പെൻഷൻ നൽകുക. പെൻഷൻ പറ്റുന്ന ആൾ മരണപ്പെടുന്ന പക്ഷം അവരുടെ അവകാശികൾക്ക് അംഗൻവാടി വർക്കർമാരുടേതാണെങ്കിൽ 15,000 രൂപയും ഹെൽപ്പർമാരുടേതാണെങ്കിൽ 10,000 രൂപയും ഒറ്റത്തവണ

LIBRARY ARCHIVES Kerala Legislative Assembly

എക്സ്ഗ്രേഷ്യയായി നൽകാനും ഉത്തരവായിട്ടുണ്ട്. ഇതിന് പുറമെ ക്ഷേമനിധി ചട്ടങ്ങൾ പ്രകാരമുള്ള വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ചില തെറ്റിദ്ധാരണകൾമൂലം കേരളത്തിലെ ചില അംഗൻവാടി ജീവനക്കാർ ഇതുമായി ബന്ധപ്പെട്ട് കോടതിയിൽ കൊടുത്ത കേസ്സിനെ തുടർന്ന് നിരവധി കേസ്സുകൾ തീർപ്പാക്കിയെങ്കിലും അന്തിമവിധി ഇപ്പോഴും ബഹുമാനപ്പെട്ട ഹൈക്കോടതി തീർപ്പാക്കിയിട്ടില്ലാത്തതിനാൽ ആ കേസ് നിലവിലുള്ളതുകൊണ്ടുമാത്രം സംസ്ഥാന ഗവൺമെന്റിന് ആയിരത്തിലധികം വരുന്ന അംഗൻവാടി ജീവനക്കാർക്ക് കൊടുക്കേണ്ടുന്ന പെൻഷൻ കൊടുക്കാൻ സാധിക്കാത്ത നിർഭാഗ്യകരമായ അവസ്ഥയാണുള്ളത്. ആ വിധി വരുന്ന മുറയ്ക്ക് ആയിരത്തിലധികം വരുന്ന സഹോദരിമാർക്ക് 500, 300 എന്നീ തോതിൽ പെൻഷൻ ലഭിക്കുന്നതാണ്.

(10) ദളിത് വിദ്യാർത്ഥിയെ മർദ്ദിച്ച പോലീസിനെതിരെ നടപടി

ശ്രീ. ജി. കാർത്തികേയൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്ലസ് വൺ-ന് പഠിക്കുന്ന ശരൺ എന്ന ദളിത് ബാലൻ അവധി ദിവസങ്ങളിൽ കൂലിവേലയ്ക്ക് പോയാണ് പഠിക്കുന്നത്. ആ പ്രദേശത്ത് ജൂലൈ 1-ന് വി.എസ്.ഡി.പി.യുടെ പ്രാദേശിക ഹർത്താലുണ്ടായിരുന്നു. ഹർത്താലിന് സ്കൂൾ അവധിയായതുകൊണ്ട് അന്നും ഈ പിഞ്ചുബാലൻ ജോലിക്ക് പോയി. മടങ്ങിവന്ന് വൈകുന്നേരം ജംഗ്ഷനിൽ നിൽക്കുമ്പോൾ ഹർത്താലുമായി ബന്ധപ്പെട്ട് ആളുകളെ പിടിക്കുന്നതിനുവേണ്ടി ഇറങ്ങിയ പോലീസ് കൂട്ടുകാരോടൊപ്പം നിന്ന ഈ ബാലൻ അടക്കമുള്ള ആളുകളെ വളരെ മൃഗീയമായി തല്ലി കേസ്സെടുത്ത് അറസ്റ്റുചെയ്തുകൊണ്ടുപോയി, ജയിലിലാക്കിയ ശേഷം മജിസ്ട്രേറ്റിന്റെ വീട്ടിൽ രാത്രി ഹാജരാക്കി. പ്രായപൂർത്തിയാകാത്തതുകൊണ്ട് മജിസ്ട്രേറ്റ് മാതാപിതാക്കളോടൊപ്പം ഈ കുട്ടിയെ പറഞ്ഞുവിട്ടു. വീണ്ടും കുറച്ചുദിവസം ഈ കുട്ടി സ്കൂളിൽ പോയി. പോലീസിൽ നിന്നുള്ള ഗുരുതരമായ മർദ്ദനത്തിന്റെ ഫലമായി ഈ വിദ്യാർത്ഥി സ്കൂളിൽ കുഴഞ്ഞുവീഴുകയും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. കഴിഞ്ഞ ഒരു മാസമായി അവധി ദിവസങ്ങളിൽ കൂലിവേല ചെയ്ത് ജീവിച്ചിരുന്ന വിദ്യാർത്ഥി, നെയ്യാറ്റിൻകര ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സയിലാണ്. ഒരുപാട് ആളുകളെ പോലീസ് സ്റ്റേഷനിൽവച്ചും പുറത്തുവച്ചും മൃഗീയമായി മർദ്ദിച്ച് കൊലപ്പെടുത്തിയിട്ടുള്ള കാട്ടാക്കട പോലീസ് സ്റ്റേഷനിലെ ചില ഉദ്യോഗസ്ഥ സംവിധാനമാണ് ഇത് ചെയ്തത്. അടിയന്തിരമായി ഈ കേസ്സ് അന്വേഷിക്കണം. ആരെയെങ്കിലും ട്രാൻസ്ഫർ ചെയ്തോയെന്ന് എനിക്ക് അറിയില്ല. ട്രാൻസ്ഫർ, അതൊരു നടപടിയല്ല. ഇതിന് നേതൃത്വം കൊടുത്ത പോലീസ് ഓഫീസറേയോ ഉദ്യോഗസ്ഥരെയോ അല്ലെങ്കിൽ പോലീസിന്റെ ഏതെങ്കിലും വിഭാഗമായാലും അവരുടെ പേരിൽ കർശനമായ നടപടികളെടുക്കണം, അതിനുള്ള സംവിധാനമുണ്ടാകണമെന്ന് ഞാൻ സഭയോടും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly